## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1245**.

**06-03-2018 ൽ**
**മറുപടിയ്ക്ക്**

## നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

**ചോദ്യം**
ശ്രീ.പി.കെ.ബഷീർ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടെ നെൽകൃഷിയിൽ ഉണ്ടായ കുറവ് എത്ര ശതമാനമാണെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ; | (എ) | സംസ്ഥനത്ത് കഴിഞ്ഞ 10 വർഷത്തിനിടെ നെൽകൃഷിയിൽ ഉണ്ടായ കുറവ് എത്ര ശതമാനമാണെന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 51.45% കുറവ് |
| കൊല്ലം | 63.20% കുറവ് |
| പത്തനംതിട്ട | 31.93 % വർദ്ധനവ് |
| ഇടുക്കി | 68.26% കുറവ് |
| കോട്ടയം | 56.95% വർദ്ധനവ് |
| ആലപ്പുഴ | 2.65% കുറവ് |
| എറണാകുളം | 61.68% കുറവ് |
| തൃശ്ശൂർ | 13.6% കുറവ് |
| പാലക്കാട് | 33.94% കുറവ് |
| മലപ്പുറം | 24.81% കുറവ് |
| കോഴിക്കോട് | 47.71% കുറവ് |
| വയനാട് | 36.96% കുറവ് |
| കണ്ണൂർ | 35.41% കുറവ് |
| കാസർഗോഡ് | 47% കുറവ് |

എന്നാൽ 2016-17 ലെ വിസ്തൃതി ആധാരമാക്കി ഇത്തരം ഒരു കണക്കിൽ എത്തുന്നതിൽ പോരായ്മ ഉണ്ട്. എന്തെന്നാൽ 2016-17 വർഷത്തെ രണ്ടാം വിള കാലത്തും തുടർന്നും ഉണ്ടായ ഈ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ വരൾച്ച മൂലം നെൽകൃഷിയിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി തരിശുനില കൃഷി, കരനെൽകൃഷി എന്നിവയിൽ ഊന്നിയ പ്രവർത്തനത്തിലൂടെ 2015-16 -ലേക്കാൾ നെൽകൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ വന്നതിനു ശേഷം നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സമഗ്ര നെൽ കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിലൂടെ നെൽകൃഷി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം നടപ്പുവർഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | 2016-17, 17-18 കാലയളവിൽ കേരളത്തിലെ നെല്ല് ഉല്പാദനം എത്ര ശതമാനമായിരുന്നെന്ന് വ്യക്തമാക്കുമോ; | (സി) | 2016-17 ലെ അരി ഉല്പാദനം 436483 ടണ്ണായിരുന്നു. 2017-18 ലെ അന്തിമ കണക്ക് മൂന്നാം വിളയുടെ കൂടി കൊയ്ത്ത് കഴിഞ്ഞാൽ മാത്രമേ പൂർത്തിയാകുകയുള്ളൂ. |
| (ഡി) | നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ ഭാഗമായി ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി കൂടുതലായി ചെയ്യാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ ഭാഗമായി 2015-16 വർഷത്തേക്കാൾ വിസ്തൃതിയിലും ഉല്പാദനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2017-18 ലെ മൂന്നാം വിളയുടെ കൂടി കൊയ്ത്ത് കഴിഞ്ഞാൽ മാത്രമേ ഉല്പാദനം സംബന്ധിച്ച കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ.<br>കൃഷി വകുപ്പിന്റെ നക്കൽ കണക്കുകൾ പ്രകാരം ഈ സാമ്പത്തിക വർഷം 220449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്. അന്തിമമായ കണക്ക് മൂന്നാം വിള കൊയ്ത്ത് കൂടെ കഴിഞ്ഞ ശേഷമേ ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം നടപ്പ് വർഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

- **സുസ്ഥിര നെൽകൃഷി**
  സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ ഈ ഘടകത്തിൽ 167487 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കി 2012 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു.

- **വികസന ഏജൻസികൾക്കുള്ള ഫണ്ട്-**
  നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.
  (ഓണാട്ടുകര വികസന ഏജൻസി, ഇറവ്വൂർ കരിനില വികസന ഏജൻസി, പുറക്കാട് നെൽകൃഷി വികസന ഏജൻസി, കുട്ടനാട് നെൽകൃഷി വികസന ഏജൻസി, തൃശ്ശൂർ കോൾ വികസന ഏജൻസി, കാട്ടാമ്പള്ളി നെൽകൃഷി വികസന ഏജൻസി, പാലക്കാട് നെൽകൃഷി വികസന ഏജൻസി, വയനാട് നെൽകൃഷി വികസന ഏജൻസി, പൊന്നാനി കോൾ വികസന ഏജൻസി, പൊക്കാളി നെൽകൃഷി വികസന ഏജൻസി എറണാകുളം) ഈ ഘടകത്തിൽ ഇതുവരെ 4 ഏജൻസികൾക്കായി 104 ലക്ഷം രൂപ അനുവദിച്ചു.

- **പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം -**
  പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. ഈ ഘടകത്തിൽ 1190 ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടത്തി 106.2 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു

- **പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**
  പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. 2016-17 വർഷം ഈ ഘടകത്തിൽ 81791.9 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തി 269.9 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു.

- **കരനെൽകൃഷി വികസനം-**
  സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 350 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. ഈ ഘടകത്തിൽ 2723.05 ഹെക്ടർ സ്ഥലത്ത് കരനെല്ല് ചെയ്യുതിനു 349.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

- **തരിശുനില കൃഷി**
  നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും നൽകുന്നു. 2017-18 വർഷത്തിൽ 2956.7 ഹെക്ടർ സ്ഥലത്താണ് തരിശു നിലത്തിലെ കൃഷി ഉദ്ദേശിച്ചിരുന്നത്. 5223 ഹെക്ടർ ഭൗതിക നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പല ജില്ലകളിലും ലക്ഷ്യമിട്ടതിലും കൂടുതൽ തരിശുനിലം കൃഷി ചെയ്യിക്കാൻ സാധിച്ചു എന്നത് തന്നെ ഈ ഘടകത്തിന്റെ സ്വീകാര്യതയാണ്.

- **ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി**
  ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 1500 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്. 2252.04 ഹെക്ടർ സ്ഥലത്ത് ഇത് നടപ്പാക്കി 86.48 ലക്ഷം രൂപ ചെലവഴിച്ചു.

- **പദ്ധതിയധിഷ്ഠിത ധനസഹായം**
  നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

- **നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം**
  2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ ആണ് നെൽ വർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ

നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. ആയതിലേക്ക് 262 ലക്ഷം രൂപ ഉൾകൊള്ളിച്ചിരിക്കുന്നു.

- **ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം**
  നെൽകൃഷി മേഖലയിൽ കേന്ദ്ര/സംസ്ഥാന/തദ്ദേശസ്വയംഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങ- ളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റു സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവക്കുമായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- **റൈസ് മില്ലുകൾ സ്ഥാപിക്കൽ**
  പാടശേഖര സമിതികൾ സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയധിഷ്ഠിതമായി ആണ് ധനസഹായം നൽകുക.

  ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കിവരുന്നു.

- **നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ) -**
  നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

- **കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ) -**
  നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചിരുന്നു.

സെക്ഷൻ ഓഫീസർ